## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 610 29.07.2015 - ൽ മറുപടിയ്ക്ക്

## ഫയൽ നീക്കത്തിലെ കാലതാമസം

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്
ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ഡോ.കെ.ടി.ജലീൽ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽപ്പോലും ഫയൽനീക്കത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽ ഫയൽനീക്കം ത്വരിതഗതിയിലാണ് നടക്കുന്നത്. ഓൺലൈനായി ഫയൽനീക്കം നടത്താൻ കഴിയുമെന്നതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇത്തരം വകുപ്പുകളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിയമപരവും സാങ്കേതികമായും തടസ്സമുള്ള ഫയലുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ ഇത്തരം ഫയലുകളൊഴികെ നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിൻമേലും പരാതികളിൻമേലും സമയപരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കാറുണ്ട്. |
| (ബി) | ഇ-ഫയലിങും അനുബന്ധമായ മറ്റ് പ്രഖ്യാപനങ്ങളും പൂർണ്ണമായും നടപ്പിലാവുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സെക്രട്ടേറിയറ്റിൽ ഘട്ടം ഘട്ടമായി ഇ-ഓഫീസ് നടപ്പാക്കാനാണ് തീരുമാനം. ഇപ്പോൾ സെക്രട്ടേറിയറ്റിലെ 19 വകുപ്പുകളിൽ പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസ് നടപ്പാക്കികഴിഞ്ഞു. മറ്റ് വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സെക്രട്ടേറിയറ്റിൽ ഒരു സെക്ഷനിൽ നിന്ന് മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു ഫയൽ എത്താൻ എടുക്കുന്ന സമയം പൊതുവിൽ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ പരിശോധനയ്ക്കായി ഒരു ഫയൽ അയയ്ക്കുമ്പോൾ ഫയലിലെ വിഷയം, അനുബന്ധ രേഖകൾ, വസ്തുതകൾ എന്നിവ വളരെ വിശദമായും വസ്തുനിഷ്ഠമായും വകുപ്പിലെ ചുമതലപ്പെട്ട ഓരോ ഉദ്യോഗസ്ഥനും പരിശോധിച്ചതിനു ശേഷം മാത്രമേ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായ സമയം മാത്രം വിനിയോഗിക്കുന്നുണ്ട്. എന്നാൽ വളരെ അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ അന്നു തന്നെ എത്തിക്കുവാൻ വകുപ്പുകൾ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട് സെക്ഷനിൽ നിന്നും ഫയൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തുന്ന സമയം കൃത്യമായി നിജപ്പെടുത്തുവാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**